## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2330      17.08.2017-ൽ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പദ്ധതികൾ

**ചോദ്യം**

**ശ്രീ.പി.കെ. ശശി**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനും സുസ്ഥിര വികസനത്തിനുമായി ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന വ്യക്തമാക്കുമോ; | എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനും സുസ്ഥിര വികസനത്തിനുമായി ഈ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു.<br>2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗത്തിന്റെ സുസ്ഥിര വികസനത്തിനും ഉന്നമനത്തിനുമായി ഭവനം, വിദ്യാഭ്യാസം, ഭൂമി, തൊഴിൽ, നൈപുണ്യ വികസനം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി 2006-2011 ലെയും 2011-16 ലെയും സർക്കാരുകൾ ഓരോ വർഷവും അനുവദിച്ച തുക (കേന്ദ്രസഹായം ഉൾപ്പെടെ), ചിലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ; | ബി) | പട്ടികജാതി വികസന വകുപ്പിനെ സംബന്ധിക്കുന്ന വിവരം അനുബന്ധം III ആയി ചേർക്കുന്നു.<br>2006-07 മുതൽ 2010-11 വരെ പട്ടികവർഗ്ഗ വികസന വകുപ്പിന് ഓരോ വർഷവും കേന്ദ്ര സഹായം ഉൾപ്പെടെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>വർഷം</th><th>ബഡ്ജറ്റ് വിഹിതം</th><th>ചെലവഴിച്ച തുക</th><th>ശതമാനം</th></tr>
<tr><td>2006-07</td><td>8306.25</td><td>7594.39</td><td>91.43</td></tr>
<tr><td>2007-08</td><td>8640.53</td><td>7899.53</td><td>91.42</td></tr>
<tr><td>2008-09</td><td>8533.41</td><td>7646.98</td><td>89.61</td></tr>
<tr><td>2009-10</td><td>13518.95</td><td>12455.37</td><td>92.13</td></tr>
<tr><td>2010-11</td><td>14999.24</td><td>13021.52</td><td>86.81</td></tr>
</table>
2011-12 മുതൽ 2015-16 വരെ പട്ടികവർഗ്ഗ വികസന വകുപ്പിന് ഓരോ വർഷവും കേന്ദ്ര സഹായം ഉൾപ്പെടെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ബഡ്ജറ്റ് വിഹിതം</th><th>ചെലവഴിച്ച തുക</th><th>ശതമാനം</th></tr>
<tr><td>2011-12</td><td>197.71</td><td>167.44</td><td>84.69</td></tr>
<tr><td>2012-13</td><td>250.27</td><td>202.73</td><td>81.00</td></tr>
<tr><td>2013-14</td><td>358.47</td><td>303.34</td><td>84.62</td></tr>
<tr><td>2014-15</td><td>521.99</td><td>420.44</td><td>80.54</td></tr>
<tr><td>2015-16</td><td>543.27</td><td>409.93</td><td>75.46</td></tr>
</table>
</td>
</tr>
<tr>
<td>സി)</td>
<td>2016-17 വർഷം ഈ വിഭാഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ചുകിട്ടിയ കേന്ദ്ര സഹായം എത്ര; സംസ്ഥാനം അനുവദിച്ച തുക എത്ര; എത്ര രൂപ ചിലവാക്കി; വ്യക്തമാക്കുമോ;</td>
<td>സി)</td>
<td>2016-17 വർഷം പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി Post Matric Scholarship for Scheduled Caste students, Pre Matric Scholarship for studying in 9th and 10th classes എന്നീ പദ്ധതികൾക്കായി 5921.45 ലക്ഷം രൂപയും, Kerala State Development Corporation for SC and ST ആയി 700.00 ലക്ഷം രൂപയും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിനായി 1,31,550.00/- ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാന പദ്ധതികൾക്കായി 1,11,112.79/- ലക്ഷം രൂപ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ചെലവാക്കി. 2016-17 വർഷം കേന്ദ്ര സർക്കാർ അനുവദിച്ച 6621.45 ലക്ഷം രൂപ ഉൾപ്പെടെ കേന്ദ്ര സഹായ പദ്ധതികൾക്കായി 33,600.76 ലക്ഷം രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്.<br>2016-17 വർഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ 50 ശതമാനം, 100 ശതമാനം പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാന ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതും അതിൽ കേന്ദ്ര സർക്കാരിൽ നിന്നും പ്രൊപ്പോസൽ മുഖേന ലഭ്യമായ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം അനുബന്ധം IV ആയി ചേർക്കുന്നു. |
| ഡി) | പട്ടികഗോത്ര വർഗ്ഗ വിഭാഗത്തെ സ്വയം പര്യാപ്തമാക്കാനായി ചുമതലപ്പെട്ട പട്ടിക ഗോത്രവർഗ്ഗ പുനരധിവാസ വികസന മിഷന്റെ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം; ഇവരുടെ പ്രവർത്തനം ഫലപ്രദമാണോ എന്ന സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഫലം വിശദമാക്കുമോ? | ഡി) | 2001-ൽ നിലവിൽ വന്ന ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം) എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കുറഞ്ഞത് ഒരേക്കർ കൈവശ ഭൂമി ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച വരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനോടൊപ്പം അടിസ്ഥാന ജീവിത സൗകര്യങ്ങൾ, ജീവനോപാധികൾ എന്നിവ ലഭ്യമാക്കി വരുന്നു.<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകി വരുന്നു. ഇപ്രകാരം അനുവദിക്കുന്ന ഭൂമിയിൽ കൈവശാവകാശം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും ടി.ആർ.ഡി.എം നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. ടി.ആർ.ഡി.എം |

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ തുക തികയാതെ വരുന്ന സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഭവന നിർമ്മാണ, കോർപ്പസ് ഫണ്ട് ശീർഷകങ്ങളിൽ നിന്നും തുക കണ്ടെത്തിയും പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>പുനരധിവാസത്തിന്റെ ഭാഗമായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ കണ്ടെത്തുന്ന ഭൂമി പരിശോധിച്ച് അർഹരായവർക്ക് 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങി നൽകുന്ന പദ്ധതിയാണിത്.<br>ടി.ആർ.ഡി.എം-ന്റെ പ്രവർത്തനഫലമായി 31.07.2017 വരെ ഭൂരഹിതരായ 7718 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 9737.49 ഏക്കർ ഭൂമി വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂരഹിതർക്ക് വിതരണത്തിന് അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണത്തിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. 3 മാസത്തിനകം ടി ഭൂമി വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഭൂരഹിതർക്ക് ഭൂമി നൽകുന്നതും വനാവകാശം നൽകുന്ന പ്രവർത്തനങ്ങളിലും വളരെയധികം നേട്ടമുണ്ടാക്കുവാൻ മിഷന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനും സുസ്ഥിര വികസനത്തിനുമായി ഈ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം
3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേകഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്.
5. മരാമത്തും കെട്ടിടവും
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും
7. പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)
8. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9. പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായം
10. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം
12. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം
13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്- എസ്.സി.പി (51% സംസ്ഥാനവിഹിതം)
14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം)
15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50 % സംസ്ഥാന വിഹിതം)
16. വാത്സല്യനിധി
17. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റൽ

...2

18. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

a) പ്രധാനമന്ത്രി ആവാസ് യോജന പ്രത്യേക ഘടക പദ്ധതി (40 % സംസ്ഥാന വിഹിതം)

b) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാന വിഹിതം)

19. പ്രത്യേക ഘടകപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം

കൂടാതെ താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

20. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

21. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

22. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100 % കേന്ദ്രാവിഷ്കൃത പദ്ധതി)

23. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

24. 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

സെക്ഷൻ ഓഫീസർ

# അനുബന്ധം II

## 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ജന വിഭാഗത്തിന്റെ സുസ്ഥിര വികസനത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതികൾ

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| എ | **സംസ്ഥാന പദ്ധതികൾ** | |
| 1 | വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും | |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം. | 100.00 |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി | 60.00 |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം | 70.00 |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം | 100.00 |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 140.00 |
| 2 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 220.00 |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) | 250.00 |
| 4 | ഭവന നിർമ്മാണം | 11508.00 |
| 5 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) | 5079.00 |
| 6 | അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി .എസ്.പി ഫണ്ട് പ്രത്യേക പാക്കേജ്) | 10000.00 |
| | അടിസ്ഥാന സൗകര്യങ്ങൾ | |
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം. | |
| | ആരോഗ്യം | |
| | 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്. | |
| | **പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി** | |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) | 5000.00 |
| 8 | പൂൾഡ് ഫണ്ട്- പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്റ്റുകൾക്കായുള്ള ഫണ്ട് | 1000.00 |
| 9 | എം. മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ. | 5500.00 |
| 10 | പട്ടികവർഗ്ഗ വിഭാഗത്തന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ | 1500.00 |
| | *പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിഷതറ്റിക് വിദ്യാഭ്യാസം* | |
| | *വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി* | |
| | *ഗോത്ര സാരഥി* | |
| | *സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി (പുതിയ ഘടകം)* | |
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | 175.00 |

| | | |
|---|---|---|
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 500.00 |
| .12 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം | 2000.00 |
| | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതികൾ | 600.00 |
| 13 | ഭക്ഷണത്തിനു ള്ള സഹായ/സുരക്ഷക്കുള്ള പരിപാടി | 2500.00 |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം | 500.00 |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം | |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ | 1360.00 |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം | 80.00 |
| | 3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം. | 228.00 |
| | 4. ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം. | 98.00 |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 125.00 |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം | 400.00 |
| 16 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം | |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം | 250.00 |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം | 175.00 |
| | 3. ജനനി ജന്മരക്ഷ | 1500.00 |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം | 25.00 |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) | 200.00 |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്ര വർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 500.00 |
| | 1. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം | |
| | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. | |
| | അഗതി മന്ദിരം | |
| 18 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം | 250.00 |
| 19 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാ ക്കലും. | 50.00 |
| 20 | ആദികലാഗ്രാമം | 40.00 |
| 21 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) | |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) | 1500.00 |

| | | |
|---|---|---|
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം) | 450.00 |
| 22 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) | 125.00 |
| 23 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) | 25.50 |
| 24 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) | 30.00 |
| 25 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ | 17600.00 |
| 26 | ഗ്രാമവികസന പരിപാടികൾ | |
| | 1. പ്രധാൻമന്ത്രി ആവാസ്‌യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) | 3039.50 |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 255.00 |
| | ആകെ സംസ്ഥാന പദ്ധതി വിഹിതം | **75108.00** |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം | 1300.00 |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ:- | 3000.00 |
| 28 | 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക്സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) | 500.00 |
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) | 350.00 |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- | 350.00 |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) | 100.00 |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- | 60.00 |
| 33 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ | 199.76 |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). | 0.01 |
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 0.01 |
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം | 0.01 |
| 37 | പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :- | 0.01 |

| | | |
|---|---|---|
| 38 | വനബന്ധു കല്ല്യാൺ യോജന | 1000.00 |
| | ആകെ | 6859.80 |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 39 | ഗ്രാമവികസന പരിപാടികൾ | |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. വൈ) | 4559.20 |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 382.50 |
| 40 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ യും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 1500.00 |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 450.00 |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 125.00 |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) | 24.50 |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 30.00 |
| | ആകെ (സി) | 7071.20 |
| | ആകെ (ബി+സി) | 13931.00 |
| | ആകെ (എ+ബിസി) | 89039.00 |

Haripriya
സെക്ഷൻ ഓഫീസർ

## Details of Budget Outlay & Expenditure including CSS(2006-07 to 2015-16)

**അനുബന്ധം- III**

| | SCSP Through Department | | Centrally Sponsored Scheme **Rs in Crore** | |
|---|---|---|---|---|
| Year | Budget | Expenditure (SCSP Dept) | Outlay(CSS) | Expenditure(CSS) |
| 2006-07 | 112.8 | 94.18 | 82.69 | 86.49 |
| 2007-08 | 143.09 | 129.88 | 140.51 | 94.38 |
| 2008-09 | 179.32 | 157.09 | 168.12 | 110.88 |
| 2009-10 | 338.74 | 341.79 | 199.58 | 111.23 |
| 2010-11 | 393.96 | 344.23 | 249.12 | 114.49 |
| 2011-12 | 529.74 | 467.77 | 259.67 | 129.45 |
| 2012-13 | 549.75 | 522.32 | 173.54 | 167.3 |
| 2013-14 | 839.5 | 740.94 | 176.94 | 162.67 |
| 2014-15 | 1034.42 | 715.83 | 194.65 | 173.72 |
| 2015-16 | 1040.92 | 761.73 | 294.89 | 253.37 |

Haripriya

സെക്ഷൻ ഓഫീസർ

## അനുബന്ധം IV

2016-17 വർഷം പട്ടികവർഗ്ഗവിഭാഗക്കാരുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ 50 ശതമാനം, 100 ശതമാനം പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാന ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതും അതിൽ കേന്ദ്ര സർക്കാരിൽ നിന്നും പ്രൊപ്പോസൽ മുഖേന ലഭ്യമായ ഗ്രാന്റിന്റെയും തുകയുടെ വിവരം

(രൂപ ലക്ഷം)

| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | സംസ്ഥാന ബഡ്ജറ്റ് വിഹിതം | കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റ് | ചെലവഴിച്ച തുക | അഭിപ്രായം |
|---|---|---|---|---|---|
| 1 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | | | | |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 1500.00 | | 358.47 | പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 410.00 | | 120.33 | |
| 2 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 100.00 | | 82.12 | |
| 3 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) | 22.95 | | 22.95 | |
| 4 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 15.00 | | 15 | |
| | **ആകെ** | **2047.95** | **0.00** | **598.87** | |
| | **100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | |
| 1 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം | 1200.00 | 808.09 | 1156.65 | |
| 2 | ഗ്രാന്റ്-ഇൻ-എയ്ഡ് - ആർട്ടിക്കിൾ 275(1) പ്രകാരം അനുവദിക്കുന്ന പദ്ധതികൾക്ക് | | | | |
| 3 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:- | 2500.00 | 3122 | 2500 | |
| 4 | 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) | 500.00 | 796.4 | 368.54 | |
| 5 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം ) | 350.00 | | 0 | |
| 6 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :- | 370.00 | | 310.95 | |
| 7 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ ) | 100.00 | | 93.29 | |
| 8 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- | 80.00 | | 36.02 | |
| 9 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ | 300.37 | | 364.2 | |
| 10 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). | 0.01 | 100 | 0.00 | |
| 11 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 0.01 | | | |
| 12 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം | 0.01 | 206.77 | 206.77 | |
| 13 | വനബന്ധു കല്യാൺ യോജന | 1000.00 | | 1000 | |
| | **ആകെ** | **6400.40** | **5033.26** | **6036.42** | |

സെക്ഷൻ ഓഫീസർ